In what time are you to submit the report ?

Mr. V. V. Anantapadmanabha Ayyar.—I think provisionally a period of six months may be fixed for submitting the report.

Nambudiri Reform Bill.

Deputy President.—Mrs. G. Pavitran will introduce her Nambudiri Reform Bill.

Mrs. G. Pavitran.—I move that the Nambudiri Reform Bill be read in Council.

Mr. C. J. Mathew.—I second it.

മിസ്റ്റർ വൈദ്യരത്നം ടി. നാരായണൻ മൂസ്സ്.—നമ്പൂതിരി ബില്ലിനെ പറ്റി മെമ്പർമാർ പറയുന്നതു മലയാളത്തിലായാൽ കൊള്ളാം. എനിക്കു ഇംഗ്ലീഷ് അറിഞ്ഞുകൂടാ.

ഡെപ്യൂട്ടി പ്രസിഡെണ്ട്.—ഇപ്പോൾ ബിൽ ആലോചനയ്ക്കു് എടുക്കണം എന്നു മാത്രമെ പറയുന്നുള്ളൂ. അക്ഷേപം വല്ലതുമുണ്ടെങ്കിൽ പറയാം.

മിസ്റ്റർ വൈദ്യരത്നം ടി. നാരായണൻ മൂസ്സ്.—ഈ ബിൽ ഞാൻ കണ്ടിട്ടില്ല. മലയാളത്തിൽ അതിന്റെ പകർപ്പൊന്നുമില്ല. അതു വായിച്ചു നോക്കിയിട്ടു വേണം വല്ലതും പറയുവാൻ. ഇതു വളരെ വലിയ ഒരു കാര്യമാണു്; സമുദായത്തിലെ പലരോടും ചോദിച്ചു സമാധാനം പറയേണ്ടതുമാണു്. അതുകൊണ്ടു ഇതു വരുന്ന സെഷനിലേക്കോ അതിന്റെ പിന്നത്തെതിലേക്കോ മാറ്റിവെച്ചാൽ കൊള്ളാം.

Deputy President.—Under what section ?

Mr. K. P. Kannan Nayar.—It is not seconded.

Dr. A. G. Menon.—It is only a request from him. It needs no seconder.

Deputy President.—Under what rule ?

Mr. C. A. Kunjunni Raja.—Under Standing Order 26.

Mr. Thomas Manjuran.—Any business can be adjourned by the Council.

ഡെപ്യൂട്ടി പ്രസിഡെണ്ട്.—എന്തു നിയമത്തിന്മേലാണു് ഇതു മാറ്റിവെക്കേണ്ടതു എന്നറിഞ്ഞുകൂടാ.

മിസ്റ്റർ വൈദ്യരത്നം ടി. നാരായണൻ മൂസ്സ്.—എനിക്കു മലയാളം കോപ്പി തന്നെ കിട്ടിയിട്ടില്ല.

ഡെപ്യൂട്ടി പ്രസിഡെണ്ട്.—ഇതു നീട്ടിവെക്കാൻ അപേക്ഷിപ്പാൻ നിങ്ങൾക്കു അധികാരമുണ്ടെങ്കിലും നിങ്ങളെ ആരെങ്കിലും second ചെയ്യുവാനുണ്ടോ ?

Mr. V. V Anantapadmanabha Ayyar.—The motion is for re-circulation of the Bill.

Deputy President.—Even that should be passed by the Council.

Mr. Thomas Manjuran.—It is a motion under S. O. 26 for the adjournment of the business.

Mr. P. Krishna Menon.—I second it.

Deputy President.—I shall take the sense of the Council.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. M. Krishna Menon.—They are special Members specially appointed for the discussion of the Bill, and they should be given an opportunity to study the Bill.

ഡെപ്യൂട്ടി പ്രസിഡെണ്ട്.—ഇതിനെന്താണ് പറയുന്നത്? (Bill) ബിൽ മലയാളത്തിലില്ല; ഒന്നും മനസ്സിലായിട്ടില്ല എന്നൊക്കെയാണ് പറയുന്നത്. എന്താ ചെയ്യുക? (Councilന്റെ sense) സഭയുടെ അഭിപ്രായം എടുക്കണം. അവർ പറയുന്നതു ന്യായമല്ലെന്നു എനിക്കു തോന്നുന്നില്ല.

ഡാക്ടർ എ. ജി. മേനോൻ.—ഇവർക്കു ഇവരെ മെമ്പർമാരാക്കിയ അറിവു എപ്പോൾ കിട്ടി?

ഡെപ്യൂട്ടി പ്രസിഡെണ്ട്.—മിനിഞ്ഞാന്ന്.

ഡാക്ടർ എ. ജി. മേനോൻ.—അതും ഗവൺമെണ്ടിന്റെ കുറ്റം.

മിസ്റ്റർ കെ. അയ്യപ്പൻ.—ഈ (Bill) ബിൽ ഇപ്പോൾ പാസ്സാകയില്ല. (Select)സിലക്ട് കമ്മിറ്റിയിൽ പോയാൽ വേണ്ട മാറ്റങ്ങൾ എല്ലാം വരുത്താമല്ലൊ. ഇതുവളരെ-താമസിച്ചു പാസ്സാകയുള്ളു. പിന്നെ എന്തിനു സമയം വെറുതെ കളയുന്നു?

മിസ്റ്റർ പി. നാരായണൻ നമ്പൂതിരി.—മറ്റെ നമ്പൂതിരി മെമ്പർ പറഞ്ഞ ആക്ഷേപം അകാരണമല്ല. പക്ഷെ ഈ ബില്ലിന്റെ മലയാളം ഞാൻ പല കടലാസുകളിലും പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടുണ്ട്. ഞാൻ വായിച്ചിട്ടുമുണ്ട്. ഇരുപതു കൊല്ലമായിട്ട് ദിവസത്തിലൊരിക്കലെങ്കിലും ഈ വിഷയത്തെപ്പറ്റി ചിന്തിക്കാത്തവർ നമ്പൂതിരിമാരുടെ കൂട്ടത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. ഇതിന്റെ പ്രധാനോദ്ദേശം തന്നെ അധിഭവനത്തെത്തടയുകയാണല്ലൊ. ഇതിനെപ്പറ്റി അറിയാത്തവരൊ ചിന്തിക്കാത്തവരൊ ആയ നമ്പൂതിരിമാർ ഉണ്ടായിരിക്കയില്ല, നിശ്ചയം. അതുകൊണ്ടു ഇങ്ങിനെ ഒരാക്ഷേപം ഒരു നമ്പൂതിരി പറയുന്നതിന്റെ ന്യായം തീരെ മനസ്സിലാകുന്നില്ല. പിന്നെയുള്ള ബില്ലിലെ കാര്യം നമ്പൂതിരി സമുദായത്തിലെ ഓരോരുത്തരോടും ചോദിച്ചു ചോദിച്ചു ശുപ്പെട്ടത്തിയിട്ടുള്ളവയാണ്. അതിലും ആലോചിപ്പാനൊന്നുമില്ല. ഇതിനും പുറമെ ഇതു (Select Committee) സിലക്ട് കമ്മറ്റിയ്ക്കു് അയച്ചാൽ ഉടനെ പാസ്സാകുന്നതല്ല. ഉടനെ തന്നെ (3rd reading) മൂന്നാമത്തെ വായന കഴിയുന്നതും (Highness' sanction) തിരുമനസ്സിലെ അനുമതി ലഭിക്കുന്നതുമല്ല. അവിടെ ഇതിനു പല പരിഷ്കാരങ്ങളും വരുത്തണം. ഞാനും ഇതിനു പല പരിഷ്കാരങ്ങളും വരുത്തുന്നതിനു മോഹിച്ചു വന്നിട്ടുള്ളവനാണ്. ഇതിനെത്തന്നെ മോഹിച്ചു പലരും ഇവിടെ ഹാജരായിട്ടുണ്ട്. അവരുടെ ആശയെ ഭഞ്ജിക്കുന്നതിനുദ്യമിക്കരുതു്. (Select Committee) സിലക്ട് കമ്മിറ്റിയിൽ ഇതു പോകുന്നതുകൊണ്ടു യാതൊരു ദോഷവും വരുവാനില്ല. അതുകൊണ്ടു ഇതു ഉടനെ തന്നെ സമയം കളയാതെ ആലോചനക്കെടുക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

Question proposed: *That the business under discussion of the Council be adjourned.*

Question put and negatived, Government remaining neutral.

Mrs. G. Pavitran.—Sir, it is a well-known fact,....

ഡെപ്യൂട്ടി പ്രസിഡെണ്ട്.—മലയാളത്തിലായാൽ നന്നു.

മിസ്റ്റർ വൈദ്യരത്നം പി. നാരായണൻ മൂസ്സ്.—ഇനി ആവശ്യമില്ല. ഞാൻ രാജി കൊടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Mrs. G. Pavitran.—Sir, it is a well known fact that the women of the Nambudiri community suffer from many social disabilities. They themselves have begun to feel a burning desire for the betterment of their social condition. I have received many letters and petitions from them requesting me to draw the attention of the Government to this matter and further to redress their grievances by legislation; hence this Bill which seeks to ameliorate their condition.

It seeks, in the first place, to prohibit polygamy which is prevalent among this community. The fact, that only the senior male member of the *Illom* is allowed to marry in their community, and that the junior male members are not only not allowed to marry in their own community but are also forced to seek wives elsewhere in other communities, aggravates the hardships suffered, and makes their condition most pitiable and deplorable. Many of them, as a result of the above-mentioned practice, which is rampant in this community, died unmarried, not because they do not want to marry, but because they do not get husbands in their own community to marry them, and are, therefore, naturally forced to die thus.

In some respects the lot of these unmarried sisters is far better than those of them who get married. Not one married woman, among these unfortunate sisters of mine, is destined to enjoy a happy married life. The reason for this is quite obvious, for, she is only one among her husband's many wives. The man has to divide his love between his many wives, and naturally each wife can only be heir to a very small portion of it. This system of marriage does not, in any way, conduce to the free play of love, and the result produced, therefore, is like a seed thrown on untilled ground. It will satisfy only one part of his nature, namely, the animal, without influencing the whole range of his intellect, feeling and will. The ulterior effect of this upon character is bound to be very poor, not only in respect of the married couple, but also in respect of their offspring. Love is a quality implanted in human being by an all-wise Providence. Its flow is natural. It is the prompting of the whole of man's inward nature, the overflowing of his private self into another being, thereafter to widen and take the form of love towards humanity, courage, patriotism and other noble qualities. But here, by curbing this motion, the full growth of the other qualities is also curbed and sapped at the root. The absence of this superfine and divine feeling is due to the system of marriage in vogue among them, and this system, no doubt, creates a veritable hell to these wives who, living as they do in one and the same house, are constantly reminded of this sad fate and sadder life, and lead a miserable life.

LIBRARY ARCHIVES Kerala Legislative Assembly

At a time like this, when movements of all sorts and kinds are afloat to alleviate the pains and sufferings not only of human beings alone but also of all living things, including animals and plants, I can't dream of any Hon'ble Member of this House objecting to a measure solely and purely proposed to alleviate the condition of these suffering sisters. Why, even in the agenda of this session of the Council, I find a Bill standing in the name of one of the Members seeking to prevent cruelty to animals. Have not I a better claim, a more legitimate claim to seek your indulgence in a matter like this, which requires your immediate attention, for what is being sought for by this Bill is primarily the prevention of cruelty to your own sisters. So, rouse up, dear brethren and Hon'ble Members of this House, and view this matter impartially in the light in which it ought to be viewed. I cannot be construed as having gone out of the way in making this demand. It is only one that has already been granted to and practised by the other communities in our State. The Nayar Regulation has incorporated this provision. The Christian community practises this, and the Thiyya community also in the Bill that is going to be introduced in this House during this session seeks to prohibit polygamy. This measure, I hope, will not be opposed by any right-thinking and cultured gentleman of this House.

The practice of enabling only the senior male member of the *Illom* to marry in their own community and forcing the junior members to seek wives in other communities is a sad and suicidal practice, for, sooner or later, it will lead to the extinction of the community itself. Let us not be guilty of being a party to this crime, that is, of having abetted in the crime of bringing about the destruction of a community. Let us, on the other hand, do all we can to give them a perpetual and an everlasting life, life in the real sense of the word.

One fact more I have to place before the Members, and I have done. The recent announcement regarding the previous Bill should not bias the minds of the Hon'ble Members of this House in considering this Bill. We do not know on what ground it was dissented to. It certainly may not be due to the presence of the provisions embodied in the present Bill, the primary object of which is to ameliorate the condition of the suffering sisters of the Nambudiri community. So, dear brethren, once more I would appeal to you, in the name of humanity, in the name of your sisters, to render your sincere, and heartfelt support and co-operation to this measure intended to promote the condition of the Nambudiri community.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. അതു എനിക്കു നമ്പൂതിരിമാരുടെയൊ അന്തർജ്ജനങ്ങളുടെയൊ നേരെ സ്നേഹമൊ അവരുടെ കാര്യങ്ങൾ നന്നാകുന്നതിൽ സന്തോഷമൊ ഇല്ലാത്തതുകൊണ്ടാണെന്നു ആരും വിചാരിക്കരുതു്. ഈ ബില്ലിനെ മഹാരാജാവു തിരുമനസ്സുകൊണ്ടു തള്ളിയിരിക്കുന്നു. അതുകൊണ്ടതന്നെ ഇതിൽ എന്തൊ ആക്ഷേപമുണ്ടെന്നും സമുദായത്തിനു ഇതിനു കാലമായിട്ടില്ലെന്നും തെളിയുന്നുണ്ടു്. നമ്പൂതിരിമാരുടെ സ്വഭാവങ്ങളും മറ്റും അടുത്തിരിക്കുന്നവർക്കു കൂടി അറിവാൻ പ്രയാസമായിരിക്കെ ഇതിന്റെ moverക്കു ആവശ്യമുള്ള സംഗതികൾ അറിവാൻ എങ്ങിനെ സൌകര്യം കിട്ടി? ജന്മിമെമ്പറെപ്പോലെയുള്ളവരാണു് ഇതു കൊണ്ടുവരേണ്ടിയിരുന്നതു്. പിന്നെ ഇതിൽ പറഞ്ഞിട്ടുള്ള objects and reasons അതു ശരിയാണെന്നും എനിക്കു ബോദ്ധ്യമില്ല. Many Nambudiri women dying unmarried അത്രെ. ഇതു വളരെ ചുരുക്കമാണു്. ഞാൻ അന്വേഷിച്ചിട്ടുണ്ടു്. റാറിക്കു ഒരു പേരോ മറ്റൊ മാത്രമെ 50 വയസ്സിൽ കൂടുതലായി വിവാഹം കഴിക്കാതെ ഇരിക്കുന്നുള്ളു. (ചിരി). Junior members not allowed to marryഎന്നു പറയുന്നു. അതിനു തടസ്ഥമൊന്നുമില്ല. അതും ശരിയല്ല. ഇനി polygamy ഈ ബിൽ കൊണ്ടു ഇതിനു നിവാരണം കിട്ടുമൊ എന്നു വളരെ സംശയമാണു്. ഇപ്പോൾ തന്നെ വളരെപ്പേർ വിവാഹം കഴിക്കാതിരിക്കുന്നു എന്നാണു് പറയുന്നതു്. അപ്പോൾ ഇതു നിയ്ക്കലായാൽ അവരുടെ സംഖ്യകൂടുകയെയുള്ളു. ഈ ബിൽകൊണ്ടു യാതൊരു കാര്യവും സാധിക്കുന്നതല്ല. കോടതി കയറാം എന്നു മാത്രമെയുള്ളു. അതുകൊണ്ടു ഞാൻ ഇതിനെ എതിർക്കുന്നു.

മിസ്റ്റർ എം. കെ. രാമൻ.—നമ്പൂതിരി സമുദായത്തിന്റെ അവശതകൾ അറിയുന്നതിനു അയിത്തം കൊണ്ടുകൊണ്ടു നില്ക്കുന്നവർക്കു തരമില്ലെന്നു പറഞ്ഞതു വാസ്തവമായിരിക്കാം. ഏതു ഇല്ലത്തും ഉൗട്ടു് ഉണ്ടെന്നു കേട്ടാൽ ഞങ്ങളാരും ചാടി പുറപ്പെടാറില്ല. ഞങ്ങൾക്കു അങ്ങിനെയുള്ള സന്ദർഭങ്ങളിലൊന്നും അന്വേഷണം നടത്താനും തരമില്ല. എന്നാൽ മനുഷ്യരുടെ നിലക്കു മനുഷ്യരുടെ അവശതകളെ കണ്ടറിയുവാൻ ആർക്കും സാധിക്കും. ഈ ബിൽ അവതരിപ്പിച്ച മഹതിക്കു കണ്ണീരും കയ്യുമായി കഴിയുന്ന അനവധി നമ്പൂതിരിസ്ത്രീകളുടെ സങ്കട എഴുത്തുകൾ കിട്ടിയിട്ടുണ്ടു്. ഇതു വലിയ ഒരബദ്ധം നടപ്പാക്കുവാനുള്ളതൊന്നുമല്ല. സപത്നീദുഃഖം മുതലായ ദോഷങ്ങളെ കുറക്കുന്നതിനാണു് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. ഈ സമുദായസ്ത്രീകൾ കല്യാണം കഴിക്കാതെ മരിക്കുക എന്നതിനെ വെറുക്കുന്നതുകൊണ്ടു അനവധി സ്ത്രീകളെ ആക്കെങ്കിലും വെച്ചുകെട്ടി കൊടുക്കുകയാണു് ചെയ്യുന്നതു. ഇതു മാറി ഒരു ഭാര്യ മാത്രമെന്നു ചട്ടം വെച്ചാൽ എല്ലാ സ്ത്രീകൾക്കും ഓരോ ഭർത്താക്കന്മാരെ കിട്ടുമെന്നുള്ള സംഗതിയാണു് ആലോചിക്കേണ്ടതു്. സ്ത്രീകളെ എല്ലാം കല്യാണം കഴിക്കണമെന്നു അവർക്കുതന്നെ താല്പര്യമുണ്ടു്. അപ്പോൾ ഇല്ലത്തുള്ള എല്ലാ പുരുഷന്മാരും സജാതീയ വിവാഹം ചെയ്യും. നമ്പൂതിരിമാരുടെ വിവാഹം കൊണ്ടു യാതൊരു ആദായവും ഞങ്ങളുടെ സമുദായത്തിനു ഇല്ലെന്നു തീർച്ചതന്നെ. ആദായത്തെ ഇച്ഛിച്ചാണു ഈ ബിൽ അവതരിപ്പിച്ചതെന്നും ആരും തെറ്റിദ്ധരിക്കേണ്ട. നമ്പൂതിരിസ്ത്രീകളുടെ മോചനത്തിനു മറ്റൊരു മാർഗ്ഗവുമില്ല. അതുകൊണ്ടു നിശ്ചയമായും ഇതിന്നനുമതി എല്ലാവരും നൽകുമെന്നു പൂർണ്ണമായും വിശ്വസിക്കാം. അവശതസ്ഥിതിയിലിരിക്കുന്ന നമ്പൂതിരിസ്ത്രീകളുടെ മോചനത്തിനു കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ എല്ലാവരും സഹായിക്കണമെന്നു ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. B. Salem.—Sir, I rise to support the Lady Member in her motion for the introduction of this Bill, because I feel that the Nambudiri community is not to be any longer a community isolated in the progress of the country. They are part and parcel of the Cochin people, and as far as Cochin people are concerned, it is the duty of every Member here to see that all these people move on the right lines to form a national body for the betterment of the land. I am not prepared to agree with any Member who says that the Nambudiri community form an isolated community by themselves, and that they have got nothing with any others.

I am proud to say that the day has come in Cochin when an Ezhuva Lady Member has brought forward a Bill to reform the higher caste community in Malabar. Therefore, we see the coalescing of all the people towards improving the home, and if you take that view, then I say it is the incumbent duty of every Member to support this Bill which aims at giving good status and position and freedom and enlightenment to the women of that community who suffer most.

I was a Member of the Select Committee of the last Nambudiri Bill. I may tell the opponent of this Bill, Mr. Ramachandra Ayyar, the Hon'ble Member for Nellayi, that I got a lot of information although I never went into an *Illom*, except for the purpose of getting a food, a very nice food, at Mr. Chelur Namburipad's place. And it is the duty of every Member to elevate and to remove all the impediments that stand in the way of this community, not because that it will affect only them. I am sure that, if they are improved, the whole State will be improved, because we know that they have got a heritage of the past, and if that can be made available for the other communities, the whole tone of Cochin will change, and we will not hear any more of communalism in this House. It is now seen how much manliness they have got. We have seen an Hon'ble Member, nominated the other day, who took his oath in the morning, walking away when he found that he could not represent the views of his section. That shows the manliness of the community. And such a community, when they want reform, have anticipated that the other Bill was thrown out by the Maharaja, and they were prepared with another bomb to keep the agitation going by the introduction of this Bill. Such a persistent agitation from a community needs looking into by every Member. Here is a persistent agitation, and the Hon'ble Member, the other nominated Member for the Nambudiris, stated that this question has been agitating their minds for the last 20 years, and that the matter has been published and discussed threadbare everywhere. We do not know

LIBRARY ARCHIVES Kerala Legislative Assembly

why His Highness dissented from the other Bill. We need not go into all that. Here is a fresh agitation for another Bill to reform them, and I think it is the duty of every Member, who desires to coalesce all the sections of the people into one solid mass, to support this Bill.

Dr. A. R. Menon.—Sir, I rise to say a few words in connection with the introduction of this measure, and I must express my regret that you did not yield to the request of the Member who represented the other side by postponing this measure for one month.

I uttered a note of warning last time when this Bill was introduced, and gave a piece of advice to those who introduced the measure, that it is their duty to do all in their power to reconcile the other, the older, (I beg your pardon) the most sincere section of the Nambudiri race. The advice seems to have fallen on deaf ears, and the very day the measure was taken. We somehow or other succeeded in instilling a feeling of gratefulness on the opposite side. I fail to see honestly how this measure would be affected adversely by waiting for one month, even granting that the request is unreasonable. Your duty in a matter like this must be to reconcile the other side, and if you do not succeed in reconciling them, I have not the least doubt that this Bill will surely share the fate of its predecessor.

I quite appreciate that the Bill has been introduced by the Lady Member, because it pertains to the interests of ladies, and this House will do well and the Government will do well and the public will do well to realise the new spirit moving, and he who meddles with it too much shall come to grief. You shall fight with men, but only a fool will fight with women, because you know from personal experience that the last word rests with women. If we try our level best to reconcile the other sections, I have not the least doubt that the Bill will pass through this House, but the passing of the Bill through this House will not take it to the desired goal.

Now, as a matter of fact, I fail to see, unless there is a radical change in the minds of Nambudiris, the mind of the public and the mind of the Government and His Highness the Maharaja, how this measure could be taken by all people. This measure, to all intents and purposes, is the same measure that was introduced here and passed. You will understand that, if you realise why this peculiar custom, nowhere found in the world, is introduced among the Nambudiris. The Nambudiris in olden times wanted to retain all the property undivided, and, therefore, they resorted to a custom by which the property shall not be distributed among the members of the

LIBRARY ARCHIVES Kerala Legislative Assembly

family, and in order that this system may be placed on a sound footing, they resorted to various kinds of marriages or so-called marriages among other communities, reserving that only the elder man shall marry from among their own community.

All the real properties in land and houses and all such properties go to the eldest man only, and only the personal property is divided among the other persons. What is the object? The object is the same. The object of all these illegal and unnatural arrangements is to retain power in the hands of one man in the family, so that the power and influence that go with wealth shall be retained by them. That is the principle. Now, if you make any changes, as is proposed, it must inevitably affect the property and correspondingly the power and status of the Nambudiri people and their families. The argument we used was that it is an illegal arrangement, an inhuman arrangement, that no man or woman had any right for managing the property. We did not pay much attention, but we concentrated our attack that it is a selfish arrangement, however justifiable it may be, and that it is unacceptable and redundant at the present time. Therefore, we come to the conclusion that the root of this Bill is that the properties shall be divided, and the power and influence of the Nambudiries shall be destroyed—I am for destroying rather than keeping it on an inhuman basis. What I want to say is that the essence of the Bill is practically the same as in the original Bill. If we realise that, then the next attempt on our part should be to find out a *via media* to reconcile at least the other section and to make such modifications as will be acceptable to them without affecting the cardinal principles. If you do that, and if you succeed in getting their support, then this Bill will be passed into law. If you fail, then His Highness the Maharaja may not accord sanction to this Bill. Therefore, I pray those who are very keen on this Bill to modify their ideas so as to enlist the sympathy of the other section. Then only we will reach the desired goal.

മിസ്റ്റർ ടി. കെ. നായർ.—ഈ ബില്ലിന്റെ ഗുണദോഷത്തെപ്പറ്റി ആലോചിക്കേണ്ടതായ സന്ദർഭം ഇനിയും ഉണ്ട്. എന്നാൽ ഇപ്പോൾ ഇതിനെ എതിർത്ത ചില കാരണങ്ങളെപ്പറ്റി മാത്രം രണ്ടു വാക്കു പറയാം. ഈ ബിൽ കൊണ്ടുവന്ന മെമ്പർ അഭ്യുദ്ധകാരിൽപെട്ട ഒരാളായതുകൊണ്ട് നമ്പൂതിരി സ്ത്രീകളുടെ അടുത്ത പെരുമാറ്റി അവർക്കു വേണ്ടതെന്തെല്ലാമെന്നറിഞ്ഞിട്ടുണ്ടാവാൻ കാരണമില്ലെന്നും വേറെ ആരെങ്കിലും ഇങ്ങിനെ ഒരു ബിൽ കൊണ്ടുവന്നിരുന്നെങ്കിൽ അയതു് കുറെക്കൂടി സ്വീകാര്യമാകുമായിരുന്നെന്നും മറ്റുമാണല്ലൊ വാദം. ഈ വാദം തീരെ തെറ്റാണ്. ഈ സഭയിലുള്ള ഏതു മെമ്പർക്കും ഈ വിഷയത്തെപ്പറ്റി ഒരു ബിൽ അവതരിപ്പിക്കാമെന്നാണ് ഞാൻ ധരിച്ചിട്ടുള്ളതു്. അതല്ലാതെ ഓരൊ വിഷയത്തിനു ഓരൊ മെമ്പറെ കുമതലപ്പെടുത്തിട്ടുണ്ടെന്നു ഞാൻ ധരിച്ചിട്ടില്ല. നമ്പൂതിരി സമുദായത്തിലെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീതന്നെയാണ് ഇങ്ങിനെ ഒരു ബിൽ അവതരിപ്പിക്കേണ്ടതെന്നാണ് ഈ ബില്ലിനെ എതിർത്ത മെമ്പരുടെ അഭിപ്രായം എന്നു തോന്നുന്നു. ഈ സഭയിൽ ഒരു വിഷയത്തെ അവതരിപ്പിച്ചാൽ മറ്റു മെമ്പർമാർക്ക് ആ വിഷയത്തെപ്പറ്റി അറിവില്ലെങ്കിൽ വേണ്ടത്തക്ക വാദപ്രതിവാദം ചെയ്തു തീരുമാനിക്കേണ്ടതു എല്ലാ മെമ്പർമാരുടെയും ചുമതലയായിരിക്കെ ഈ വിഷയത്തിലേക്കു മാത്രം രണ്ടു വിദ്വാന്മാരെ നിയമിച്ചതുതന്നെ നമുക്കു പോരയ്മയാണ്. ഗവർമ്മെണ്ടിന്റെ നയം ഇങ്ങിനെയായിരിക്കാം. നിവൃത്തിയില്ലല്ലൊ.

ഇതിന്നുമുമ്പ് സർവ്വസമ്മതമായി പാസ്സായ ഒരു ബിൽ നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ട് തള്ളിക്കളഞ്ഞതായി ഈ സഭയിൽ അറിയിച്ചു. ആ സംഗതി നോക്കുമ്പോൾ ഈ ബില്ലിന്നു ശോഭനമായ ഒരു ഭാവിയുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. ഇതുകാലം യാതൊരു തീരുമാനവും വരാതെ ഇരുന്ന ആ ബിൽ ഇപ്പോൾ തള്ളിക്കളഞ്ഞതോർക്കുമ്പോൾ ഈ ബിൽ സഫീകായ്മാണെന്നു ധരിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല.

പുതിയതായി നിയമിച്ച ഒരു മെമ്പർക്ക് ഈ ബില്ലിന്റെ ആലോചന നീട്ടികിട്ടണമെന്നുണ്ടായിരുന്നു. അദ്ദേഹം ആവശ്യപ്പെട്ടതു കൊടുക്കാതിരുന്നതു തെറ്റുതന്നെയാണ്. എന്നാൽ select കമ്മിറ്റിക്കു ഒരു ബിൽ കൊടുക്കുമ്പോൾ ഇവിടെ വലിയ വാദപ്രതിവാദമൊന്നും പതിവില്ല. ബിൽ വേണമെന്നു തീരുമാനിച്ചാൽ പിന്നെ ഭേദഗതിക്കു് select കമ്മിറ്റിക്കു കൊടുക്കുകയാണ് പതിവ്. തുഞ്ചിവപേരൂർ മെമ്പരുടെ ഉപദേശം മെമ്പർമാർ എല്ലാവരും മനസ്സിരുത്തി ധരിച്ചു ഈ ബില്ലിനും കഴിഞ്ഞ ബില്ലിന്റെ യോഗം പറയാതെ സൂക്ഷിക്കയാണു വേണ്ടതു്. പുതിയ മെമ്പർമാരിലൊരാൾ കോപിച്ചെഴുനേറ്റു പോയതു ഒരു വലിയ കഷ്ടാവസ്ഥ എന്നെ പറവാനുള്ളൂ. അതു അദ്ദേഹം ആവശ്യപ്പെട്ട സമയം കൊടുക്കാഞ്ഞിട്ടല്ലെ?

ഡാക്ടർ എ. ജി. മേനോൻ.—എടുകൊടുക്കാഞ്ഞിട്ടും മലയാളത്തിൽ സംസാരിക്കാഞ്ഞിട്ടും.

മിസ്റ്റർ ടി. കെ. നായർ.—ഏതുവിധത്തിലും ഇതു വേഗം സിലക്ട് കമ്മിറ്റിക്കയച്ചു ശരിപ്പെടുത്തണമെന്നാണെന്റെ അപേക്ഷ.

Mr. V. V. Anantapadmanabha Ayyar.— May I first congratulate the Lady Member on the first fruits of her attempt in the field of legislation, particularly so because she has chosen her field of legislation among her own sisters in the most aristocratic community in the land. I am morally bound to support the measure on the ground that the Nambudiri Bill which was passed in this House during the last Legislative Session has been vetoed by the Government. But I thought that the responsibility about this Bill could in a way be laid against the members of the Nambudiri community, when I found that two Members of that community were co-opted to consider this Bill. Unfortunately one of them left us—I believe for a very good reason also.

Mr. A. B. Salem.—Questioned.

Mr. V. V. Anantapadmanabha Ayyar.—When a person has been invited for a discussion on a matter, and when he is given no opportunity for discussion about that matter, I should

LIBRARY ARCHIVES Kerala Legislative Assembly

say that the conduct has been entirely irregular. However that may be, the Member has left the Council, and we are not in a position to say whether it would be as representative for discussion as it would otherwise have been. Now the two Members who have been co-opted for this measure represent to us the two different factions of the community entirely opposed to each other in their points of view. Therefore, it devolves on us to consider the Bill in all its aspects and to see whether after all the Bill is one which deserves our support. Now I may say at the outset that all social legislation and change in any part of social law is likely to affect the social law of the entire community. The entire social machinery is likely to be affected by any change in any law whatsoever.

Now, so far as the provisions of this Bill are concerned, as far as I have understood it, it consists of three main points. The first is a bar against polygamy, and the second is, I may say, the antithesis of the Child Marriage Restraint Bill—that is to say, restraint against old marriage. Section 5 insists upon the necessity of marrying Nambudiri women before they are over-aged, and the third provision of the Bill is contained in sections six to eight, and they provide for the maintenance of the junior members.

Now, Sir, the first is the most important provision which has been attempted in this Bill, *i. e.*, the bar against polygamy. Now the implications of this provision are not so few as any one might imagine. At present only the eldest member can marry, and for the sake of convenience or expediency and for the sake of keeping together the wealth of the family and for providing impartibility of *Illoms*, it has been the custom that only the eldest member can marry. This practice is now dwindling. But, if we retain the rule that only the eldest member could marry and that monogamy should be enforced, then my submission is that there would be a set-back against the very object of the Bill, namely, to enforce the marriage of girls of the community before they are very old. That is the second part of the Bill. Even now, though the rule is that only the eldest member should marry, almost all the members are beginning to marry. In spite of that, we see that several girls remain unmarried. The reason is the correspondingly large number of females in the community. It is also due to the time-honoured custom of Nambudiries marrying from other castes, leaving very few males to marry in their own caste. In order to prevent such a result, it may be necessary to insist upon caste marriage. That is not attempted in this Regulation. But, if this is attempted, it would affect other communities also. The position, for example, is this. We find in our Royal Family there is a custom that Nambudiries

LIBRARY ARCHIVES Kerala Legislative Assembly

alone are allowed to marry. Therefore, if Nambudiries are prevented from marrying outside their caste, it would create many difficulties in our way. There is no such restriction in the Bill, and if no such restriction is made, my submission is that the object of the Bill will not be realised.

Mr. P. Narayanan Nambudiri.—You propose to make a law for the Nambudiries.

Mr. V. V. Anantapadmanabha Ayyar.—The object of this legislation is to get Nambudiri girls married before they are very old. That is provided for in section 5. If you insist upon saying that polygamy should be abolished and monogamy should be insisted upon, it will be a suicidal step. Therefore, you will have to prevent marriage between other communities.

Again, in attempting to prevent old marriages, we are attempting to substitute legislative force for parental love; the parents will try their level best to see that their children are happy and contented. We cannot in any way profitably substitute any legal enactment. I have absolutely no doubt that parents will give their daughters in marriage, if it is possible under the circumstances. My submission is that the difficulty has all along been one of economic struggle, and by means of legislation this evil cannot be eradicated.

The third point is with respect to maintenance. Section 6 says that any member of a Nambudiri *Illom* will be entitled to separate maintenance whether he lives in the *Illom* or not. Now, a similar provision was sought to be inserted in the Nayar Regulation, and that provision was found to be too far advanced for the Nayar community. At this stage I do not want to discuss this matter further. The aim intended to be achieved by this provision is not desirable at present.

Thus we see that; though the objects of the Bill are entirely laudable in themselves, in effect it would be an entire overhauling of the social machinery of the community. If there has been a common agreement between the two co-opted Members of this Council, I would have thought that our task would have been much easier. I think that a motion for the appointment of a Select Committee can very well be adopted, and all the questions in connection with this matter threshed out at the Committee.

Mr. P. Krishna Menon.—As the member of a community which is neither too near nor too far away from the Nambudiri community, I may be permitted to make a few remarks which certainly will not be either supporting the extreme view or supporting the opposite view. It is a well known fact that all communities, which, by age-long existence, have customs and practices,

LIBRARY ARCHIVES Kerala Legislative Assembly

introduced measures at a time when they were, according to the introducers, useful and beneficial to the community. As circumstances have subsequently changed, modifications had to be made which might have been made in some cases and might not have been made in some other cases. And, therefore, some changes in all communities have become necessary at one time or other. Similarly in the Nambudiri community also, certain changes have become absolutely necessary. Therefore, I do not at present say whether I support the Bill or oppose the Bill. I do assert that I support wholeheartedly a Reform Bill of the Nambudiri community. Whether one should accept the individual provisions that are attempted to be enacted or not will be a question which has to be discussed and settled leisurely. In doing so one important fact has to be remembered in that connection, namely, that there is a wide cleavage of opinion among the community with regard to this measure as is well known to all of us. It is also well known that a similar Bill, perhaps a bigger one, incorporating some provisions, was not accepted by the Government and has been vetoed by it. It is worthwhile to consider what are the fundamental points of difference between the two sets of opinion and arrive at an agreement, as was said by the Member for Trichur, to see whether a *via media* could not be found. Therefore, unless both sides adopt a policy of give and take, it is not possible to be quite certain of the success of the measure as it is proposed. I, therefore, respectfully submit the Select Committee will do well to go into the root of the matter to see where the fundamental difference lies in effecting legislation. If, from the Select Committee, the Bill comes with such changes as are acceptable or accepted by both sides, certainly the Bill has a future which will be crowning the glory of the mover, of the Bill and of the Government.

മിസ്റ്റർ പി. നാരായണൻ നമ്പൂതിരി.—മുമ്പു പറഞ്ഞമാതിരി ഈ ബില്ലിനെ അങ്ങിനെതന്നെ സ്വാഗതം ചെയ്യുവാനല്ല ഞാൻ വന്നിരിക്കുന്നതു്. അതിന്റെ മൂലതത്വങ്ങളെ വിശദീകരിച്ചു നിങ്ങളുടെ അനുഭാവത്തെ സമ്പാദിക്കുന്നതിനാണു് എന്റെ ഉത്സാഹം. പണ്ടു പരശുരാമൻ കേരളം ഞങ്ങൾക്കു തന്നുവെന്നു പറഞ്ഞാൽ നിങ്ങൾ ചിരിക്കുമായിരിക്കാം. എന്നാൽ ഒരുകാലത്തു കേരളത്തിന്റെ ആധിപത്യം നമ്പൂതിരിമാക്കു തികച്ചും ഉണ്ടായിരുന്നുവെന്നു ഈ ചരിത്രപ്രസ്താവത്തെ ആരും സമ്മതിക്കുതന്നെ ചെയ്യും. ആ കാലത്തു നമ്പൂതിരി നിയമസഭയിലെ അംഗമായിരുന്ന ഒരാളുടെ അനന്തരഗാമിയായ ഞാൻ ഇതാ ഇവിടെ വന്നു ഞങ്ങൾക്കു ഒരു നിയമമുണ്ടാക്കിത്തരണമെന്നു അപേക്ഷിക്കുന്നു. ഞങ്ങളുടെ സ്ഥിതി അത്രുക്കുമാത്രം അധഃപതിച്ചിരിക്കുന്നു. പണ്ടു കേരളത്തിൽ നൂറു ഗ്രാമങ്ങളും ഓരോ ഗ്രാമത്തിൽ നൂറു വീടുകളും ഓരോ ഇല്ലത്തേക്കു നൂറും പറ നെല്ലുവീതം ആദായവും ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ടു്. ജനസംഖ്യയിൽ നമ്പൂതിരിമാക്കു വന്നിട്ടുള്ള അധഃപതനം ഭീമമാണെന്നുള്ളതിനു പണ്ടത്തെ ഒഴുകുണക്കുകളും മറ്റും സാക്ഷ്യം വഹിക്കുകയും ചെയ്യും. ഒരു പൂവള്ളി നമ്പൂതിരിയേയൊ ഒരു ഒളവമണ്ണ നമ്പൂ

LIBRARY ARCHIVES Kerala Legislative Assembly

തിരിയേയൊ ഒരു ദേശമംഗലത്തു നമ്പൂതിരിയേയൊ ചൂണ്ടിക്കാണിച്ചു നമ്പൂതിരിമാർ ധനവാന്മാരാണെന്നു പറയുന്നതിനു ആത്ഥമില്ല. പണ്ടത്തെ പല ഇല്ലങ്ങളും അന്യംവന്നു ലയിച്ചിട്ടാണു് ഈ പ്രട്ടകുടുംബങ്ങൾ ഉണ്ടായിട്ടുള്ളതു്. ദേശമംഗലത്തിന്റെ മുഴുവൻ പേർ നോക്കുക. എ. കെ. ടി. കെ. യം. എന്ന അക്ഷരങ്ങൾ ഇങ്ങിനെ അന്യംവന്നു ലയിച്ചിട്ടുള്ള ഇല്ലങ്ങളെ കുറിക്കുന്നവയാണെന്നു അറിയുമ്പോൾ നമ്പൂതിരിമാരുടെ ഇന്നുകാണുന്ന ധനശക്തി അതിലും മഹത്തായ ജനശക്തി ക്ഷയിച്ചുണ്ടായിട്ടുള്ളതാണെന്നുകാണാം. ഉർല്ലഭം ചില വ്യക്തികുടുംബങ്ങളെമാത്രം നോക്കാതെ പറയുകയാണെങ്കിൽ, കേരളാധിപന്മാരായിരുന്ന നമ്പൂതിരിമാർ സമുദായത്തേപ്പറ്റി സാമ്പത്തികമായും അധഃപതിച്ചിരിക്കയാണു്. നമ്പൂതിരിമാരുടെ ഇന്നത്തെ ദയനീയാവസ്ഥക്കു കാരണം അവക്കു പണ്ടുണ്ടായിരുന്ന മനസ്ഥിതിയും പരിഷ്കാരവും ഇപ്പോൾ ഇല്ലാതായിരിക്കുന്നവെന്നുള്ളതാണു്. അന്നു കാലോചിതമായ ഏതു പരിഷ്കാരത്തെയും സ്വീകരിപ്പാൻ ആക്കും വൈമനസ്യമൊ വൈഷമ്യമൊ ഉണ്ടായിരുന്നില്ല. ഒരു ഉല്പതിഷ്ണുവായതുകൊണ്ടു ശ്രീശങ്കരാചാര്യസ്വാമികളെ സമുദായഭ്രഷ്ടനാക്കുവാൻ ചിലർ ശ്രമിച്ചുവെങ്കിലും നമ്പൂതിരിമാർ ഇന്നും അദ്ദേഹം പരിഷ്കരിച്ച നടപടികളെയാണു് അനുസരിച്ചുവരുന്നതു്. നമ്പൂതിരിമാരുടെ ഇടയിൽ നടപ്പുള്ള ഋതുമതീവിവാഹം മറ്റൊരു സമുദായസ്നേഹിവരുത്തിയിട്ടുള്ള ആചാരപരിഷ്കാരമാകുന്നു. അഛനും മുത്തഛനും ചെയ്തതിനെ കണ്ണടച്ചു അനുകരിക്കുന്ന സ്വഭാവം അന്നുണ്ടായിരുന്നില്ല. പെരുമാക്കന്മാരുടെ കാലംവരെ നമ്പൂതിരിമാർ സ്വജാതിയിൽ മാത്രമെ വിവാഹം ചെയ്തിരുന്നുള്ളു. പരദേശികളായ പെരുമാക്കന്മാരുടെ സ്ത്രീകളുടെ വിവാഹസൌകര്യത്തിനു ക്ഷത്രിയസ്ത്രീകളെ ഭാര്യാത്വേന സ്വീകരിപ്പാൻ നമ്പൂതിരിമാർ നിബ്ബന്ധിതരായി. ഇങ്ങിനെയാണു് നമ്പൂതിരിമാരുടെ സംബന്ധസമ്പ്രദായം നടപ്പിൽ വന്നതു്. ആദ്യം വിവാഹകാമുകന്മാരല്ലാതിരുന്ന കാലത്തു ശങ്കരാചാര്യർ ജ്യേഷ്ഠപുത്രനെങ്കിലും സ്വജാതിയിൽ വിവാഹം ചെയ്യണമെന്നു നിബ്ബന്ധിച്ചിട്ടുള്ളതിനെ അനന്തരകാലിനന്മാരായ സംബന്ധഭക്തന്മാർ ജ്യേഷ്ഠപുത്രനു മാത്രമേ സ്വജാതിയിൽ വിവാഹം ചെയ്യുവാൻ അധികാരമുള്ളു എന്നു വ്യാഖ്യാനിച്ചുതുടങ്ങിയപ്പോഴാണു് കാര്യമെല്ലാം അബദ്ധമായതു്. കനിഷ്ഠന്മാർക്കു സജാതീയവിവാഹം പാടില്ലെന്നു നിയമമില്ലെങ്കിലും, ആ അപരാധത്തിനു ആദ്യം ഒരു കനിഷ്ഠനെ ജ്ഞാതിഭ്രാസ്യം ചെയ്യാറില്ലെങ്കിലും അധുനാതനന്മാരുടെ മാമൂൽ പ്രിയത്വം കനിഷ്ഠവിവാഹത്തിനു വളരെ പ്രതിബന്ധങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു. ഇതുകൊണ്ടൊക്കെയുള്ള ഫലം എന്താണു്? ജനസംഖ്യ കുറഞ്ഞു; ധനശക്തി ക്ഷയിച്ചു; ഭ്രഷ്ടേവത്വം നശിച്ചു; കുടുംബചരിത്രവും നാശവും മാത്രം വർദ്ധിച്ചു. പരിപൂർണ്ണമായ സമാധാനസൌഹാർദ്ദങ്ങളോടുകൂടിയ കുടുംബങ്ങൾ ഞങ്ങളുടെ സമുദായത്തിൽ ഇപ്പോൾ വളരെ കുറവാണു്. ഭ്രഷ്ടേവത്വം പോയപ്പോൾ ഞങ്ങളും കേവലം മനുഷ്യൻതന്നെയായി. ഭാര്യാപുത്രാദികൾ ഏതു ജാതിക്കാരായിരുന്നാലും അവരെ സ്നേഹിക്കാതിരിപ്പാൻ ഞങ്ങൾക്കു നിവൃത്തിയില്ലാതെവന്നു. സംബന്ധസമ്പ്രദായപ്രകാരം സ്നേഹാദികൾ അന്യസമുദായങ്ങളിൽ സംക്രമിച്ചതോടുകൂടി നമ്പൂതിരിമാരുടെ അധഃപതനം ആരംഭിച്ചു. ഇനി അവരുടെ സ്നേഹത്തെ സ്വസമുദായത്തിൽ നിലനിർത്തുവാൻ സാധിച്ചാൽ മാത്രമെ സമുദായം നന്നാകയുള്ളു. ഡാക്ടർ ഏ. ആർ. മേനോൻ പറഞ്ഞതു ജ്യേഷ്ഠപുത്രൻ മാത്രം വിവാഹം ചെയ്യുന്നതുകൊണ്ടു അവകാശമുഖേന കുടുംബസ്വത്തു ഭിന്നിച്ചു പോകയില്ലെന്നാണു. എന്നാൽ അങ്ങിനെയുള്ള ഒരവകാശക്രമമല്ല നമ്പൂതിരിമാരുടേതു്. ഒരു ഗൃഹസ്ഥനായ ജ്യേഷ്ഠപുത്രൻ മരിച്ചാൽ അയാളുടെ അനുജന്മാരായ നാലഞ്ചു സംബന്ധക്കാരുടെ കുടുംബഭരണം ആജീവനാന്തം കഴിഞ്ഞിട്ടു വേണം ജ്യേഷ്ഠപുത്രന്റെ മകനു കുടുംബാ

LIBRARY ARCHIVES Kerala Legislative Assembly

ധിപത്യം കിട്ടാൻ. അപ്പോൾ ആ കുടുംബത്തിൽ അധികമൊന്നും ശേഷിപ്പുണ്ടാകയില്ല. ഇങ്ങിനെയെല്ലാമായിട്ടും ഞങ്ങളുടെ സമുദായത്തിൽ ചില കുടുംബങ്ങൾ തീരെ നശിക്കാതെ നിലനിന്നുവരുന്നതു പൂർവ്വീകന്മാരുടെ പുണ്യപരിപാകമെന്നെ പറയാനുള്ളൂ. നമ്പൂതിരിമാർ അലസന്മാരും നിരുത്തരവാദികളും ആകുവാനും ക്ഷിപ്രപക്ഷം സമുദായാംഗങ്ങളുടെ പ്രയത്നഫലം സ്വസമുദായത്തിനു സിദ്ധിക്കാതിരിക്കുവാനുമെല്ലാം കാരണം നമ്പൂതിരിമാരുടെ ഇന്നത്തെ വിവാഹസമ്പ്രദായമാകുന്നു. മിസിസ്സ്. ജി. പവിത്രൻ ഇവിടെ അവതരിപ്പിക്കുന്ന ബിൽ നിയമമായാൽ അതു നമ്പൂതിരിമാരുടെ വിവാഹരീതിയെ പരിഷ്കരിക്കുവാൻ ഒരു വലിയ സഹായമായിത്തീരുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡെണ്ട്.—അഭിപ്രായവ്യത്യാസമില്ലാത്തതിനാൽ ഇനി Select Committee യെ നിശ്ചയിക്കാം.

മിസ്റ്റർ പി. നാരായണൻ നമ്പൂതിരി.—ഇനി അഞ്ചു മിനിട്ടുകൂടിയുണ്ട്. എന്റെ പ്രസംഗം ഇത്ര വേഗം അവസാനിപ്പിക്കേണ്ടിവരുമെന്നു ഞാൻ വിചാരിച്ചില്ല. ബില്ലിലെല പ്രധാനവിഷയമായ അധിവേദനനിരോധനത്തെപ്പറ്റി കൂടി നാലുവാക്കു പറഞ്ഞുകൊള്ളട്ടെ?

ഡെപ്യൂട്ടി പ്രസിഡെണ്ട്.—ആ സമയം കൊണ്ടു committeeയെ തിരഞ്ഞെടുക്കണം.

മിസ്റ്റർ പി. നാരായണൻ നമ്പൂതിരി.—എന്നാൽ ഞാൻ ഇവിടെ നിൽക്കുന്നു.

Deputy President.—The question before the House is that the Nambudiri Reform Bill be read in Council.

Question put and agreed to.

Secretary to the Council.—The title of the Bill is 'The Cochin Nambudiri Reform Bill.'

Mrs. G. Pavitran.—I beg to move that the Bill be referred to a Select Committee composed of the following Members:- Messrs. Vaidyaratnam T. Narayanan Moosse, P. Narayanan Nambudiri, C. A. Kunjunni Raja, K. Ayyappan, A. Sankara Menon, K. P. Kannan Nayar, A. G. Menon, V. D. Ouseph and the mover.

Mr. K. P. Kannan Nayar.—I second it.

Mr. V. V. Anantapadmanabha Ayyar.—I propose that the names of Messrs. P. Krishna Menon, T. A. Ramachandra Ayyar and P. Kumaran Ezhuthassan may be included.

Dr. A. R. Menon.—It is a well established convention in this House that the name of the Member who opposes the measure is included.

Mrs. G. Pavitran.—I have no objection.

Deputy President.—The question before the House is that a Select Committee consisting of Messrs. Vaidyaratnam T.

LIBRARY ARCHIVES Kerala Legislative Assembly

Narayanan Moosse, P. Narayanan Nambudiri, C. A. Kunjunni Raja, K. Ayyappan, A. Sankara Menon, K. P. Kannan Nayar, A. G. Menon, V. D. Ouseph, T. A. Ramachandra Ayyar, P. Krishna Menon, P. Kumaran Ezhuthassan and Mrs. G. Pavitran be appointed for the Nambudiri Reform Bill.

Question put and agreed to.

Deputy President.—I nominate Mr. A. Sankara Menon as Chairman.

Mrs. G. Pavitran.—I propose that the Committee shall submit its report within six months.

The house rose for the day at 5' past 5 p. m.

T. K. KRISHNA MENON,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly